ഉത്തരം

(എ) ഉണ്ട്. കമ്പനികളും, വൈദ്യുതി ബോർഡും തമ്മിൽ ഒപ്പിട്ടിട്ടുള്ള ഒരു ഉടമ്പടിയുടെ അടിസ്ഥാനത്തിലാണ് അനുവാദം നൽകിയിട്ടുള്ളത്.

(ബി)
1. സുപ്രീം കേബിൾ നെറ്റ്വർക്ക് - കരുനാഗപ്പള്ളി
2. ഡി.ബി. കേബിൾസ് - കളമശ്ശേരി
3. എം. മുഹമ്മദ് ബഷീർ - വർക്കല
4. ഗ്ലോബൽ കേബിൾ ലിങ്ക് - കൊല്ലം
5. വലയിൽ വിഷൻ - കൊല്ലം
6. സ്കൈലൈൻസാറ്റ് വിഷൻ - കോട്ടയം
7. അഞ്ജലി ഓഡിയോൺ ഗ്രൂപ്പ് - കോട്ടപ്പുറം
8. ബ്ലൂബേർഡ് കേബിൾ നെറ്റ്വർക്ക് - കൊല്ലം
9. ഏഷ്യാനെറ്റ് കേബിൾ നെറ്റ്വർക്ക് - കുണ്ടറ
10. സൺവിഷൻ കേബിൾ നെറ്റ്വർക്ക് - കുണ്ടറ
11. സി. സൈൻകേബിൾ നെറ്റ്വർക്ക് - പത്തനംതിട്ട

ഏകദേശം 3.5 ലക്ഷം രൂപയോളം 1998-99 കാലയളവിൽ ലഭിച്ചിട്ടുണ്ട്.

(1946) കാർബൊറാണ്ടം യൂണിവേഴ്സൽ കമ്പനി

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിയാർ കാർബൊറാണ്ടം യൂണിവേഴ്സൽ കമ്പനിക്ക് വൈദ്യുതി ഉല്പാദനം നടത്തുന്നതിന് എത്ര സമയമാണ് അനുവദിച്ചിരിക്കുന്നത്;

(ബി) വൈദ്യുതി ഉല്പാദനവുമായി ബന്ധപ്പെട്ട് വൈദ്യുതി ബോർഡും കാർബൊറാണ്ടം കമ്പനിയും തമ്മിൽ ഉണ്ടാക്കിയിരിക്കുന്ന ഉടമ്പടിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) കരാർ ലംഘനം നടന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ കമ്പനിക്ക് വൈദ്യുതി ഉല്പാദിപ്പിക്കാൻ നൽകിയിരിക്കുന്ന അനുമതി റദ്ദാക്കുവാൻ തയ്യാറാകുമോ?

ഉത്തരം

(എ) 30 വർഷം.

(ബി) ഔദ്യോഗിക രഹസ്യരേഖയായതിനാൽ വിശദാംശങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

(സി) കരാർ ലംഘനം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(1947) പുതിയ തസ്തികകൾ

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly